2012-2013 : 1 കോടി

2013-2014 : 1.48 കോടി

2014-2015 : 5 കോടി

2015-2016 : 5 കോടി

ആകെ :12.48 കോടി

==========

ഇതിൽ 9.61 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കാർഷിക വിളകളുടെ വിലത്തകർച്ച

23 (*143) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ വിലത്തകർച്ച കർഷകരുടെ വായ്പാ തിരിച്ചടവിനെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) വിലത്തകർച്ചമൂലം കർഷകരുടെ വായ്പാ തിരിച്ചടവ് ശേഷി നഷ്ടപ്പെട്ടിട്ടുണ്ട് എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പാ തിരിച്ചടവിന് മൊറട്ടോറിയം ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ മുൻകൈ എടുക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കാർഷിക വിളകളുടെ വിലത്തകർച്ചയെ പ്രതിരോധിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചത്. വായ്പാ തിരിച്ചടവിന് അനുകൂലമായ സാഹചര്യം ഇതുമൂലം സംജാതമാക്കാൻ കഴിഞ്ഞെന്ന് കരുതുന്നു.

(ബി) വിലത്തകർച്ച കർഷകരുടെ വായ്പാതിരിച്ചടവുശേഷിയെ ബാധിച്ചതായി കരുതേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാർ ഏജൻസികളും സഹകരണ ബാങ്കുകളും അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് 15-2-2015 മുതൽ 30-6-2016 വരെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.)

കൃഷി വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ

24 (*144) ശ്രീ. സാജു പോൾ :
ശ്രീ. എം. എ. ബേബി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളുടെ വിലയിടിവ് ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ സ്ഥാപനങ്ങൾ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ;

(ഡി) എങ്കിൽ പ്രതിസന്ധി മറികടക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവ ഈ പ്രതിസന്ധിക്ക് എങ്ങനെ പരിഹാരം ആകുമെന്ന് വിശദമാക്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ, കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട്സ് പ്രോസ്സസിംഗ് കമ്പനി ലിമിറ്റഡ്, കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly